SJD/1673/2023-C3

I/142862/2024

## പത്രക്കുറിപ്പ്

### ഷോർട്ട് ഫിലിം മത്സരം

ട്രാൻസ്ജെൻഡർ ബോധവത്ക്കരണ പരിപാടിയോടനുബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് കോളേജ് വിദ്യാർത്ഥികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായുള്ളവർക്കായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ, അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനും, ടി വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യം വച്ചാണ് ഇത്തരത്തിൽ ഒരു ഹ്രസ്വചിത്രമത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. കോളേജ് വിദ്യാർത്ഥികളുടെ വിഭാഗത്തിൽ കേരളത്തിലുള്ള അംഗീകൃത കോളേജുകൾക്കും, ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിഗതമായോ/ ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി മത്സരത്തിന് അയക്കാവുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന മികച്ച ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 15,000/-, 10,000/-, 5,000/- എന്നിങ്ങനെ ക്യാഷ് പ്രൈസ് ഉണ്ടായിരിക്കുന്നതാണ്. എൻട്രികൾ അയക്കേണ്ട അവസാന തീയതി 2024 ഫെബ്രുവരി 20 വൈകിട്ട് 5 മണി വരെ. എൻട്രികൾ tgsjdshortfilm@gmail.com എന്ന ഇ-മെയിൽ ID യിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത മത്സരവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ, നിബന്ധനകൾ എന്നിവ അടങ്ങിയ വിശദമായ നോട്ടിഫിക്കേഷൻ സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്.

H DINESHAN

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

Signed by H Dineshan
Date: 06-02-2024 17:43:43